| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പതിനാറാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.316 | 08/02/2016 ൽ മറുപടിക്ക് |
| **മുൻ ധനമന്ത്രിക്കെതിരായ വിജിലൻസ് അന്വേഷണം** | |
| ചോദ്യം | മറുപടി |
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.ബി.സത്യൻ<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി ) |
| (എ) മുൻ ധനമന്ത്രി പ്രതിയായിരുന്ന ബാർ കോഴക്കേസിൽ തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ കോടതി പുനരന്വേഷണം നടത്തുവാൻ ഉത്തരവിട്ടിരുന്നുവോ; | (എ) പ്രസ്തുത കേസിൽ തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ കോടതി പുനരന്വേഷണത്തിനല്ല തുടരന്വേഷണത്തിനാണ് ഉത്തരവിട്ടിരിക്കുന്നത്. |
| (ബി) ഈ കേസിന്റെ ആദ്യ വിജിലൻസ് റിപ്പോർട്ട് കോടതി അംഗീകരിക്കാതിരുന്നത് എന്തെല്ലാം കാരണങ്ങൾ കൊണ്ടായിരുന്നു; വിധിയുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (ബി) കൂടുതൽ അന്വേഷണം നടത്തണമെന്ന കോടതിയുടെ കണ്ടെത്തലുകൾ കാരണമാണ് അംഗീകരിക്കാതിരുന്നത്. |
| (സി) വിജിലൻസ് കോടതിയുടെ ഉത്തരവിന്റെയടിസ്ഥാനത്തിൽ എന്നാണ് പുനരന്വേഷണം ആരംഭിച്ചത്; ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങുന്നതാണ് അന്വേഷണ സംഘം; | (സി) കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 09.11.2015 മുതൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് 1 പോലീസ് സൂപ്രണ്ട് ശ്രീ. ആർ.സുകേശന്റെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരാണ് അന്വേഷണം നടത്തിയത്. |
| (ഡി) പുനരന്വേഷണത്തിന്റെ ഭാഗമായി ആരിൽ നിന്നെല്ലാം മൊഴി എടുത്തിട്ടുണ്ട്; | (ഡി) പ്രസ്തുത കേസ് കോടതിയുടെ പരിഗണനയിലുള്ളതിനാൽ വിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |
| (ഇ) പുനരന്വേഷണ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; ഇതേ തുടർന്നുള്ള കോടതി നിർദ്ദേശം എന്തായിരുന്നു? | (ഇ) തുടരന്വേഷണ റിപ്പോർട്ട് ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ചു. ബാക്കി നടപടികൾ കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ